"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് - 2023-24 സാമ്പത്തിക വർഷത്തെ മഴക്കാല പൂർവ്വ ശുചീകരണ പ്രവൃത്തിയുടെ ഭാഗമായി ഡ്രെയിനേജ് വൃത്തിയാക്കിയതിന് ചെലവായ തുക അസിസ്റ്റന്റ് എൻജിനീയർ കൈമാറിയ Daily Labour Report (DLR)-ന്റെ അടിസ്ഥാനത്തിൽ കരാറുകാരന് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ. എം.) വകുപ്പ്

സ.ഉ.(സാധാ) നം.1255/2025/LSGD തീയതി,തിരുവനന്തപുരം, 22-05-2025

പരാമർശം:-

1. മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.01.2025 ലെ കത്തും അനുബന്ധ രേഖകളും

2. 24/04/2025 ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ 4.8 നമ്പർ തീരുമാനം

**ഉത്തരവ്**

ദേശീയപാതയിൽ മണ്ണും മാലിന്യങ്ങളും നീക്കം ചെയ്യണമെന്ന് ദേശീയപാത വിഭാഗത്തോട് ആവശ്യപ്പെട്ടെങ്കിലും പ്രവൃത്തി ചെയ്യാത്ത സാഹചര്യത്തിൽ ദേശീയപാതയിൽ മണ്ണും മാലിന്യവും കൂടിക്കിടക്കുന്നത് പൊതുജനങ്ങളുടെ സഞ്ചാരത്തിന് തടസ്സമായതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മണ്ണും മാലിന്യവും നീക്കം ചെയ്യുന്നതിന് മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്ത്, ക്വട്ടേഷൻ വിളിച്ച് പ്രവൃത്തി നടപ്പാക്കി. മക്കരപ്പറമ്പ് അങ്ങാടി മുതൽ പുണർപ്പ് യു.പി. സ്കൂൾ വരെയുള്ള ഡ്രെയിനേജ് ആണ് വൃത്തിയാക്കിയത്. ഈ പ്രവൃത്തി നടത്തുന്നതിന് നാഷണൽ ഹൈവേ അസിസ്റ്റൻ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അനുമതി നൽകിയിരുന്നു. മഴക്കാല പൂർവ്വ ശുചീകരണത്തിന് അനുവദിച്ച തുക അപര്യാപ്തമായതിനാലാണ് ഗ്രാമപഞ്ചായത്ത് പ്രത്യേകം വിഹിതം വകയിരുത്തിയത്. പ്രവൃത്തി പൂർത്തിയാക്കി കരാറുകാരൻ 75,180 രൂപയുടെ ബിൽ നൽകി. ബിൽ സൂക്ഷ്മ പരിശോധന നടത്തി 54,945 രൂപയുടെ Daily Labour Report (DLR) ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റും സാങ്കേതിക അനുമതിയും കൂടാതെ നടപ്പാക്കിയ ഈ പ്രവൃത്തിയുടെ വാല്യുവേഷന് പകരം അസിസ്റ്റൻ്റ് എൻജിനീയർ കൈമാറിയ DLR ന്റെ അടിസ്ഥാനത്തിൽ ബിൽ തുക നൽകാൻ അനുമതി സംബന്ധിച്ച് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയോട് അപേക്ഷിക്കുന്നതിന് മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനിക്കുകയും മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം (1) പ്രകാരം കോ ഓർഡിനേഷൻ കമ്മിറ്റിയ്ക്ക് രേഖകൾ സമർപ്പിക്കുകയും ചെയ്തു .

2. 24/04/2025-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി ഈ വിഷയം പരിശോധിക്കുകയും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ശുപാർശയുടെ കൂടി അടിസ്ഥാനത്തിൽ ബിൽ തുക നൽകാൻ അനുമതി നൽകുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 24/04/2025 ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 4.8 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് 2023-24 സാമ്പത്തിക വർഷത്തെ മഴക്കാല പൂർവ്വ ശുചീകരണ പ്രവൃത്തിയുടെ ഭാഗമായി ഡ്രെയിനേജ് വൃത്തിയാക്കിയതിന് ചെലവായ തുക അസിസ്റ്റൻ്റ് എൻജിനീയർ കൈമാറിയ Daily Labour Report (DLR)-ന്റെ അടിസ്ഥാനത്തിൽ കരാറുകാരന് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്, മലപ്പുറം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ജില്ലാ പ്ലാനിംഗ് ഓഫീസർ, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) /(ഓഡിറ്റ് 1) /(ഓഡിറ്റ് II), കേരളം, തിരുവനതപുരം
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 28-05-2025 13:10:48